**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**<u>മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5540 — 27-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല**<br>**ശ്രീ. പി.കെ.ബഷീർ**<br>**ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്**<br>**ശ്രീ. അബ്ദുൽ ഹമീദ് പി.** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റുകളും അനുബന്ധ രേഖകളും ഇംഗ്ലീഷിലാണ് പഞ്ചായത്തുകളിൽ ലഭ്യമാക്കിയിരിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സെക്യൂർ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതോടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും ഇംഗ്ലീഷിലാണ് ലഭിക്കുന്നത്. |
| (ബി) | എസ്റ്റിമേറ്റടക്കമുള്ള മുഴുവൻ രേഖകളും ലളിതമായ പ്രാദേശിക ഭാഷയിൽ തൊഴിലിടത്തിൽ ലഭ്യമാക്കണമെന്ന് 2005-ലെ ദേശീയ തൊഴിലുറപ്പ് നിയമത്തിൽ വ്യക്തമാക്കുന്നുണ്ടോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പട്ടിക 1-ൽ ഓരോ പ്രവൃത്തിസ്ഥലത്തും ജനതാ എസ്റ്റിമേറ്റ് പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, പ്രവൃത്തിയിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ അളവ്, ഇനം തിരിച്ചുള്ള വിലവിരം എന്നിവ പ്രാദേശിക ഭാഷയിൽ തൊഴിലിടങ്ങളിൽ ലഭ്യമാക്കണമെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വ്യക്തമാക്കുന്നുണ്ട്. അതനുസരിച്ച് പഞ്ചായത്തു കളിൽ നടപ്പിലാക്കി വരുന്നു. |
| (സി) | ഇതിനു വിരുദ്ധമായി പല പഞ്ചായത്തുകളിലും പദ്ധതിയുടെ വിശദാംശങ്ങൾ ഇംഗ്ലീഷിലാണ് അധികൃതർ നൽകിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും (ഇ) യും | നിലവിലെ സെക്യൂർ സോഫ്റ്റ്‌വെയറിലൂടെ ലഭിക്കുന്ന എസ്റ്റിമേറ്റുകൾ മലയാളത്തിലും ലഭ്യമാകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് പദ്ധതിയുടെ സുതാര്യതയ്ക്ക് ഭംഗം വരുത്തുന്നതായ സാഹചര്യം പരിശോധിക്കുമോ; | | |
| (ഇ) | രേഖകൾ മലയാളത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**